# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം./1488/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/07/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം./1488/22 തീയ്യതി: 01/07/2022

## മലപ്പുറം ജില്ലയിലെ പോരുർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോരുർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-04-2022 മുതൽ 21-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അർച്ചന.എൻ.എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.എൻ.മുഹമ്മദ് ബഷീർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സത്യകുമാരൻ.കെ.കെ | സെക്രട്ടറി | 01-04-2020 | 11-03-2021 |
| ശ്രീമതി.കവിതജോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.എം.ജി | അസി. സെക്രട്ടറി | 01-04-2020 | 31-01-2021 |
| ശ്രീ.അനിൽ കുമാർ.കെ.പി | അസി. സെക്രട്ടറി (ഇൻ ചാർജ്) | 01-02-2021 | 11-02-2021 |
| ശ്രീമതി.കവിതജോസ് | അസി. സെക്രട്ടറി | 12-02-2021 | 31-03-2021 |
| ശ്രീ.അരുൺ.വി | അസി. എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീ.നന്ദകുമാർ.കെ | അസി. എഞ്ചിനീയർ | 26-06-2020 | 02-07-2020 |
| ശ്രീ.അരുൺ.വി | അസി. എഞ്ചിനീയർ | 03-07-2020 | 09-07-2020 |
| ശ്രീ.നന്ദകുമാർ.കെ | അസി. എഞ്ചിനീയർ | 10-07-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.എ.ആർ | വി ഇ ഒ | 01-04-2020 | 19-02-2021 |
| ശ്രീ.സാജൻ | വി ഇ ഒ | 20-02-2021 | 01-03-2021 |
| ശ്രീ.രാകേഷ് സോമരാജ് | വി ഇ ഒ | 02-03-2021 | 31-03-2021 |
| ശ്രീമതി.ലിനി.ജി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിനയൻ.പി | ഹെഡ്മാസ്റ്റർ | 01-04-2020 | 30-04-2020 |
| ഒഴിവ് | ഹെഡ്മാസ്റ്റർ | 01-05-2020 | 31-03-2021 |
| ഡോ.രവികുമാർ.എം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.നിമ്മി.കെ.എബ്രഹാം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അനല എസ്.മേനോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.മുഹമ്മദ് സിജിൽ | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2020 | 31-01-2021 |
| ഡോ.രേഷ്മ.വി | മെഡിക്കൽ ഓഫീസർ ( PHC) | 01-02-2021 | 31-03-2021 |
| ഡോ.സിന്ധ്യ.പി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സുനിൽബാബു.പി.പി | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2020 | 10-07-2020 |
| ഡോ.മുഹമ്മദ് ഷഫീഖ് | മെഡിക്കൽ ഓഫീസർ ( GAD) | 11-07-2020 | 04-02-2021 |
| ഡോ.സുനിൽബാബു.പി.പി | മെഡിക്കൽ ഓഫീസർ ( GAD) | 05-02-2021 | 31-03-2021 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 25-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 28-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 25-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 25-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 25-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sujatha M (Auditor, On 27-06-2022)<br>Last Updated By: Sujatha M (Auditor, On 27-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 28-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujatha M (Auditor, On 25-06-2022)<br>Last Updated By: Sujatha M (Auditor, On 28-06-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 1-12 |
| 13 | ഭൂ വികസന പെർമിറ്റ് - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 28-06-2022) | 1-13 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 1-14 |
| 15 | കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിൽ നടപടി സ്വീകരിച്ചില്ല.<br>Written By: Sujatha M (Auditor, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 1-15 |
| 16 | പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 27-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 27-06-2022) | 1-16 |
| 17 | ഹോമിയോ ആശുപത്രിയിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 27-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-06-2022) | 1-17 |

| | | |
|---|---|---|
| 18 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 27-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 27-06-2022) | 1-18 |
| 19 | ലൈഫ് ഭവനപദ്ധതി (എസ് സി ) -ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 27-06-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 27-06-2022) | 1-19 |
| 20 | മുഴുവൻ മരുന്നുകളും ലഭ്യമായില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 1-20 |
| 21 | ഓഡിറ്റ് പരാമർശം 13741 രൂപ തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 1-21 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 28-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-06-2022) | 1-22 |
| 23 | ഗുണഭോക്താവുമായി കരാർ വെക്കാതെ പശുവിതരണം നടത്തി<br>Written By: Ramakrishnan.T (Senior Grade Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 1-23 |
| 24 | പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 28-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-06-2022) | 1-24 |
| 25 | പട്ടികജാതി വനിതകൾക്ക് വെള്ളടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-25 |
| 26 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കിയില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടികജാതി വനിതകൾക്ക് വെള്ളടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 26-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Sujatha M (Auditor, On 26-06-2022) | |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Sujatha M (Auditor, On 26-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sujatha M (Auditor, On 26-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/26-03-2020 | -- |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 31.08.2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30669945 |
| വരവ് | 86182899 |
| ആകെ | 116852844 |
| ചെലവ് | 95157568 |
| നീക്കിയിരിപ്പ് | 21695276 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 13144927 | 13144927 | 11103368 | 2041559 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 14160600 | 14160600 | 13071921 | 1088679 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 12422000 | 12422000 | 12364320 | 57680 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 4049621 | 4049621 | 3424163 | 625458 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 00 | 5600000 | 5600000 | 532152 | 5067848 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 10923834 | 10923834 | 9050623 | 1873211 |
| ബി ഫണ്ട് | 00 | 59885640 | 59885640 | 59885640 | 00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 288 | 118775453 | 224 | 68514634 | 0 | 64 | 78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 296655 | 1140376 | 1437031 | 1320109 | 116922 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 25820196 | 25820196 | 25820196 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2040 | 03 |
| കർഷകതൊഴിലാളി പെൻഷൻ | 4270000 | 1691 |
| വിധവാപെൻഷൻ | 20545900 | 7956 |
| വാർദ്ധക്യകാലപെൻഷൻ | 26685100 | 10774 |
| വികലാംഗപെൻഷൻ | 6420400 | 2524 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1572200 | 626 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2022 ന് 12.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 244/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്.
3. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ, വെറ്റിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ (ഭാഗികം) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.
4. പിഎച്ച്സി മെഡിക്കൽ ഓഫീസർ, വെറ്റിനറി സർജൻ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്റ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.06.2022 | 01.01.2022 മുതൽ 31.03.2022 വരെ | 18.06.2022 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 25.07.2007 മുതൽ 06.08.2007 വരെ | 1997-98 മുതൽ 2006-07 വരെ | 06.09.2007 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കെ ജി ബി (അക്കൗണ്ട് നം. 40191101032246) ബാലൻസ് RP 40(b)പ്രകാരം 66,41,059 രൂപ, എന്നാൽ ആയത് റീകൺസിലേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം 72,52,080 രൂപ. കാരണം വ്യക്തമല്ല.

2)Nationalised Bank Account Of Own Revenue Fund ഇനത്തിൽ RP 40(b)പ്രകാരം 6,11,021 രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് വിശദാംശം പരിശോധിക്കാനായിട്ടില്ല.

3) MGNREGS മൊത്തം ചെലവ് തുക 2,60,16,408 രൂപ , എന്നാൽ വാർഷികകണക്കിൽ ആയത് 2,71,40,305 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4)ഗ്രാമപഞ്ചായത്തിൽ ILGMS ൽ PDE (Past Data Entry ) ചെയ്ത ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സാംഖ്യയിലെയും ILGMS ആരംഭിച്ച സമയത്തെ ILGMS ലെയും വിവരങ്ങൾ പൂർണ്ണമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.18/2020-21/27.06.22)

## 1-12 തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. 2020-21 രണ്ട് അർദ്ധ വർഷങ്ങളിലും പോത്രുർ മാവേലി സ്റ്റോറിലെ ജൂനിയർ അസിസ്റ്റന്റ് മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. 2020-21 വർഷത്തേക്കുള്ള ലൈസൻസിനായി മാനേജർ, സപ്ലൈകോ മാവേലി സ്റ്റോർ സമർപ്പിച്ച അപേക്ഷയിൽ (A5-973/24.02.2020) സ്ഥാപനത്തിൽ 4 ജീവനക്കാർ (ജൂനിയർ അസിസ്റ്റന്റ് + 3 ദിവസ വേതനക്കാർ) ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 27.09.2012 ലെ A6-5330/2011 ലെ നമ്പർ സർക്കുലർ അടിസ്ഥാനമാക്കി മേൽ സ്ഥാപനത്തിൽ 2020-21 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 03/20-21/23.06.2022 മറുപടി ലഭിച്ചില്ല)

## 1-13 ഭൂ വികസന പെർമിറ്റ് - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) ഷെഡ്യൂൾ 2 (ചട്ടം31 (1),(2)&(3)) പ്രകാരം 1 ആർ വിസ്തൃതി ഭൂ വികസനത്തിന് 750/ആർ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ഡവലപ്മെന്റ് പെർമിറ്റിനായി ലഭിച്ച താഴെപ്പറയുന്ന അപേക്ഷയിൽ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഭൂ വികസനം ആവശ്യമായ വിസ്തൃതി | ഈടാക്കിയ ഫീസ് | പെർമിറ്റ് നം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| ശ്രീ.മുഹമ്മദ് ഇ.കെ A3-987/09.02.2021 | 0.0405 ഹെക്ടർ 4.05 ആർ (സ.നം 244/4-1) | 750/- (1200102801/ 03.03.2021) | A3-BA(57035)/2021-03.03.2021 | 4.05 X 750 = 3037.50 | 2287.50 |

പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ

കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 5/20-21/23.06.2022 മറുപടി ലഭിച്ചില്ല)

## 1-14 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) പ്രകാരം വാസഗൃഹങ്ങളുടെ ( Group A1) നിർമ്മാണത്തിന് ച.മീറ്ററിന് 7 രൂപ ,Group A1 ഒഴികെയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ച.മീറ്ററിന് 10 രൂപ എന്നീ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. 150 ച.മീറ്റർ വരെ Built Up Area ഉള്ള വാസഗൃഹങ്ങളുടെ നിർമ്മാണത്തിന് മുകളിൽ പരാമർശിച്ച പെർമിറ്റ് ഫീസിന്റെ 50% ഈടാക്കിയാൽ മതി. എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ ചട്ട പ്രകാരമുള്ള നിരക്കിലല്ല പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | പ്ലാൻ പ്രകാരം തറവിസ്തീർണ്ണം, ഉപയോഗം | പെർമിറ്റ് നം | ചട്ട പ്രകാരം ഈടാക്കേണ്ട ഫീസ് | ഈടാക്കിയ വിവരം |
|---|---|---|---|---|
| ശ്രീ.സിയാദ് & ഷഹീല, ഉൽപില ഹൗസ്<br>A3-3475/16.09.2020 | GF- 72.20 ച.മീ<br>FF- 75.20 ച.മീ<br>Total- 147.40ച.മീ<br>ലോഡ്ജിംഗ് ഹൗസ് (A2) | A3-3475/2020-21<br>03.02.2021 | 147.40X 10 = 1474/- | 147.40X3.5 = 516/-<br>1200101532/03.02.2021 |

ചട്ട പ്രകാരമുള്ള നിരക്കിൽ ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 6/20-21/23.06.2022 മറുപടി ലഭിച്ചില്ല)

## 1-15 കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിൽ നടപടി സ്വീകരിച്ചില്ല.

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) പ്രകാരം വാസഗൃഹങ്ങളുടെ (Group A1) നിർമ്മാണത്തിന് ച.മീറ്ററിന് 7 രൂപ, Group A1 ഒഴികെയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ച.മീറ്ററിന് 10 രൂപ എന്നീ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. പെർമിറ്റ് നേടാതെയുള്ള കെട്ടിടത്തിന്റെ നിർമ്മാണം (കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നവ) രാജിയാക്കൽ ഫീസ് ഈടാക്കി സെക്രട്ടറിക്ക് നിർമ്മാണം ക്രമവൽക്കരിച്ച നൽകാവുന്നതാണ്. ശ്രീ.നജ്മൽ ബാബു, S/O കുട്ട്യാലി, വെള്ളയൂർ മഠത്തിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള സ.നം.141/308/1-3 ൽ പ്പെട്ട 617ച.മീ വിസ്തൃതിയുള്ള സ്ഥലത്ത് പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ (ഭാഗികമായി പണി പൂർത്തീകരിച്ച കെട്ടിടത്തിലെ) പണി പൂർത്തീകരിച്ച റൂമുകൾക്ക് കെട്ടിട നമ്പർ അനുവദിച്ചുതരുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിരുന്നത് (A3-491/2020 /29.01.2020). എന്നാൽ ഈ അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. പണി പൂർത്തീകരിച്ച സെല്ലാർ ഫ്ലോറിലെ നിർമ്മാണം റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിനും നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന GF ന് പെർമിറ്റ് അനുവദിക്കുന്നതിനും വീണ്ടും അപേക്ഷ (A3-2717/2020/24.07.2020) സമർപ്പിച്ചതായും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷ | സമർപ്പിച്ച കെട്ടിടത്തിന്റെ പ്ലാൻപ്രകാരം വിസ്തീർണ്ണം/ ഉപയോഗം |
|---|---|
| A3-491/2020 /29.01.2020 | Cellar Floor (Completed-Commercial ) - 207.66 ച.മീ<br>GF- Shop (On Going)- 137.20 ച.മീ<br>GF – Quarters (On Going)- 179.65 ച.മീ |
| A3-2717/2020 /24.07.2020 | Cellar Floor (Completed-Commercial ) - 207.65 ച.മീ<br>GF- Shop (On Going)- 137.20 ച.മീ |

| | |
|---|---|
| | GF – Quarters (On Going)- 179.65 ച.മീ |

പണി പൂർത്തീകരിച്ച സെല്ലാർ ഫ്ലോറിലെ നിർമ്മാണം റഗുലറൈസ് ചെയ്ത് 12.10.2020 ന് 3/219 C എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 207.65 ച.മീ<br>100ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം | അടിസ്ഥാന വസ്തുനികുതി = 207.65 X50= 10382.50<br>ഇളവ് 10% (മേഖല -ദ്വിതീയം)- 1038.25<br>വർദ്ധനവ്- 20% (വഴി സൗകര്യം)- 2076.50<br>നികുതി- 11421/-<br>LC- 572 |

അപാകതകൾ

1). A3-491/2020/29.01.2020 നമ്പർ അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടില്ല.

2). കെട്ടിട നമ്പറിനായി 24.07.2020 ന് ലഭിച്ച അപേക്ഷ പരിഗണിച്ച് നമ്പർ അനുവദിച്ചത് 12.10.2020 നാണ്. യഥാസമയം സേവനം നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

3). നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന GF ന് (Shop- 137.20 ച.മീ, Quarters - 179.65 ച.മീ ) പെർമിറ്റ് അനുവദിക്കുന്നതിനായി A3-2717/2020/24.07.2020 അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടി സ്വീകരിച്ചില്ല.

മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ (ഓഡിറ്റ് എൻക്വയറി 17/20-21/27.06.2022) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. A3-491/2020/29.01.2020 അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാത്തതു വഴി 2019-20 വർഷത്തിലെ നികുതി (രണ്ടാം അർദ്ധവർഷം 5710 + 286) നഷ്ടമായി. A3-2717/2020/24.07.2020 അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുപോലും പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കാതിരുന്നതിനും യഥാസമയം സേവനം നൽകാതിരുന്നതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ (17/20-21 /27-06-2022) ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത നിർമ്മാണം ഏറെക്കുറെ പൂർത്തിയായതിനാലാണ് പെർമിറ്റ് നൽകാതിരുന്നതെന്നും നിലവിൽ പൂർത്തീകരണ പ്ലാൻ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന് പൂർത്തീകരണ ഫീസ് ഈടാക്കി നമ്പർ അനുദിക്കുന്നതാണെന്നും മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 148/*21 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.* |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ തുക | 3,00,000/- രൂപ |
| ചെലവഴിച്ച തുക | 3,00,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ / തീയതി | 20151452024500340529 തീ.13.07.2020. |

2020-21 സാമ്പത്തിക വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം 3,00,000/- രൂപ ഗ്രാമപഞ്ചായത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാലളന്ന ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14-2-2018 സബ്സിഡി മാർഗരേഖ പ്രകാരം, ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ (ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) കണക്കാക്കി കർഷകന് സബ്സിഡി നൽകാവുന്നതാണ്. എന്നാൽ 2019 ഒക്ടോബർ മുതൽ ഡിസംബർ വരെ ലിറ്ററിന് 4/- രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഈ കാലയളവിൽ ക്ഷീരവികസന വകുപ്പിൽ നിന്നും സബ്സിഡി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാർഗ്ഗരേഖയിൽ അധികരിച്ച് അധികം തുക ചെലവഴിച്ചതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 09/25.06.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 ഹോമിയോ ആശുപത്രിയിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 30/21 |

| | |
|---|---|
| വിനിയോഗിച്ച തുക (മെയിന്റനൻസ് ഫണ്ട് – റോഡിതരം) | 20,188/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 20151452023201421170 തിയ്യതി. 29.03.202 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ആശുപത്രിയിലേക്ക് പ്രിന്റർ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC /31790/20-21 തീയതി.03.11.2021 പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 20,188/- രൂപ മുൻകൂർ നൽകിയിട്ടുണ്ട് . എന്നാൽ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പ്രിന്റർ ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 10/25.06.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 18/21 |
| വിനിയോഗിച്ച തുക (മെയിന്റനൻസ് ഫണ്ട് – റോഡിതരം) | 2,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 01/2020-21 തിയ്യതി. 17.02.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി ബിൽ നം.01/2020-21തീയതി.17.02.2021 പ്രകാരം, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 2,00,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയിസ് നമ്പർ.PF 337/21.08.2020). എന്നാൽ താഴെ പറയുന്ന ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | LF-27/26.04.2021 | 1,21,925/- |

78,075/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 11/25.06.2022 – മറുപടി ലഭ്യമായിട്ടില്ല.)

## 1-19 ലൈഫ് ഭവനപദ്ധതി (എസ് സി ) -ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

2019-20 വർഷത്തിൽ ലൈഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരം എഗ്രിമെന്റ്വെച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഗ്രേസി W/o രാജു കരിഞ്ചീല പുതിയത്ത്കുന്ന് | 3,60,000 |
| 2 | സുനിത W/o ഹരിദാസൻ വിളക്കാടൻ കുറ്റങ്ങോട് | 3,00,000 |
| 3 | നിർമ്മല W/o ബാബു കക്കാടൻ,കുറ്റങ്ങോട് | 3,00,000 |
| 4 | ശോഭന W/o കുഞ്ഞൻ കരിഞ്ചീല ചെറുകോട് | 2,00,000 |
| 5 | നിഷ W/o രാമൻ എടപ്പുലാൻ ചെറുകോട് | 3,00,000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 15/27.06.22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 മുഴവൻ മരുന്നുകളും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ , പി എച്ച് സി ,പോരൂർ, നിർവ്വഹണ ഉദ്യോഗസ്ഥനായി പി എച്ച് സിയിലേക്ക് മരുന്ന വാങ്ങൽ പദ്ധതി (പ്രോജക്റ്റ് നം. 25/21 ) പ്രകാരം 7,00,000 രൂപ മരുന്നുകൾ വാങ്ങുന്നതിനായി താഴെ പറയുന്ന ബിൽ നമ്പറുകൾ പ്രകാരം തുക കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

ബിൽ നം. 1/20-21/30.06.20 – 1,57,439

ബിൽ നം. 6/20-21/18.11.20 – 2,00,000

ബിൽ നം. 7/20-21/24.12.20 – 2,00,000

ബിൽ നം. 13/20-21/19.03.21 – 1,42,561

ആയതിൽ ബിൽ നം. 13/20-21/19.03.21 പ്രകാരം നൽകിയ 1,42,561 രൂപയിൽ ലഭിച്ച മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.( 6,77,646രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്)

| ക്രമ നം. | ഇൻവോയിസ് നം. | തുക |
|---|---|---|
| 1 | 33/26.04.2021 | 75,801 |
| 2 | 8646/07.11.2021 | 8253 |
| 3 | 6187/16.09.2021 | 4320 |
| 4 | 14840/08.03.2022 | 31,833 |
| | ആകെ | 1,20,207 |

അവശേഷിച്ച 22,354 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം,സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16 /*20-21*/27.06.2022)

## 1-21 ഓഡിറ്റ് പരാമർശം 13741 രൂപ തിരിച്ചടച്ചു.

പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറികൾ (ഓഡിറ്റ് എൻക്വയറി നമ്പർ 2/2-6-22, 7,8/24-6-22, 12/25-6-22) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരം 13741 രൂപ അടവാക്കുകയുണ്ടായി.

വിശദാംശംതാഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | അപാകത | തിരിച്ചടച്ച തുക(12% GST ഉൾപ്പെടെ) | രശീതി നംപർ/തീയതി |
|---|---|---|---|---|
| 1 | പ്രവൃത്തി: മേലണ്ണം അങ്ങാടി കിണർ പുനരുദ്ധാരണം- 292/21<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ് | കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR Code 10.25.2 പ്രകാരമുള്ള നിരക്കിന് പകരം DSR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചു. | 1287 രൂപ | 1220100477/G100303 /25-6-22 |
| 2 | പ്രവൃത്തി: നെല്ലിക്കുന്ന് പൊതു കിണർ അറ്റകുറ്റപ്പണി- 85/21<br>കരാറുകാരൻ : ശ്രീ ടി പി അബ്ദുൾ നാസർ | കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR Code 10.25.2 പ്രകാരമുള്ള നിരക്കിന് പകരം DSR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ചു. | 1517 രൂപ | 1220100485/G100303 /27-6-22 |
| 3 | പ്രവൃത്തി: നെല്ലിക്കുന്ന് പൊതു കിണർ അറ്റകുറ്റപ്പണി- 85/21<br>കരാറുകാരൻ : ശ്രീ ടി പി അബ്ദുൾ നാസർ | കോൺക്രീറ്റ് തൂണിന് മുകളിൽ, വെള്ളം കോരിയെടുക്കുന്നതിനുള്ള G I ക്രോസ്സ് ബാർ സ്ഥാപിക്കുന്നതിന് DSR Code 10.1 പ്രകാരമുള്ള നിരക്കിന് പകരം 50-10-1 പ്രകാരമുള്ള | 1316 രൂപ | 1220100485/G100303 /27-6-22 |

| | | | | |
|---|---|---|---|---|
| | | നിരക്ക് അനുവദിച്ചു. | | |
| 4 | പ്രവൃത്തി: ആനമുണ്ട പള്ളിക്കൽ റോഡ് സൈഡ് പുനരുദ്ധാരണം, 145/21<br>കരാറുകാരൻ: ശ്രീ ടി പി അബ്ദുൾ നാസർ | നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻകഴിയാതെ, വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല. | 5380 രൂപ | 1220100478/G100301 /25-6-22 |
| 5 | പ്രവൃത്തി: വിവിധഅംഗനവാടികളുടെ ചുറ്റുമതിൽ നിർമാണം, 213/21<br>കരാറുകാരൻ: ശ്രീ അബ്ദുൽ നാസർ | പൊളിച്ച് മാറ്റിയ കരിങ്കല്ല് ഉപയോഗിച്ച് കരിങ്കൽ പടവ് നടത്തിയതിന് Code 60.7.8 ന്<br>പകരം DSR Code 60.7.1 പ്രകാരമുള്ള, കരാറുകാരന്റെ കരിങ്കല്ല് ഉപയോഗിച്ചുള്ള പടവിന് നൽകുന്ന നിരക്ക് നൽകി. | 4241 രൂപ | 1220100452/G100303 /22-6-22 |
| | | ആകെ | 13741 രൂപ | |

ഇത്തരം അപാകതകൾ വരാതെ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രകാരം ഈടാക്കിയ തുക അതാത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-22 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 178/21 |
| അടങ്കൽ തുക | 1,73,200/- രൂപ |
| വിനിയോഗിച്ച തുക | 1,73,200/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ / തീയതി | 05/2020-21 തീയതി.15.05.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി) എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ സിഡ്കോയിൽ നിന്നും 40 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നമ്പർ.KKD/19-20/182 Dt: 13.02.2020). ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 40 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2). അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

3). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.1.13 പ്രകാരം, 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ നൽകാവുന്നത്. എന്നാൽ ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണ കാലയളവിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് പൂർത്തിയായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും. | ആധാർ നമ്പർ | ജനന വർഷം |
|---|---|---|---|
| 1 | ശ്രീമതി.കല്യാണി.കെ, കോട്ടുപറ്റ ഹൌസ്, നിരന്നപറമ്പ്, ചാത്തങ്ങോട്ട്പുറം. | 3065 8242 1963 | 1967 |
| 2 | ശ്രീ.രേവി, S/o.കാരി, കാരിപ്പറമ്പൻ ഹൌസ്, അരിമ്പ്ര കോളനി, പോരൂർ | 8543 7238 7747 | 1962 |
| 3 | ശ്രീമതി.കാളിക്കുട്ടി, W/o.കുഞ്ഞൻ, ചെറത്തോടൻ ഹൌസ്, മൂലിയത്ത്. | 9572 0421 9522 | 1963 |
| 4 | ശ്രീ.സുന്ദരൻ, S/o.കാരിക്കുട്ടി, കോട്ടുപറ്റ ഹൌസ്, ആലിക്കോട്.പി.ഒ | 4214 5938 5514 | 1965 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 14/27.06.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 ഗുണഭോക്താവുമായി കരാർ വെക്കാതെ പശുവിതരണം നടത്തി

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയ്യതി . 14.02.2018 പ്രകാരം പശു വിതരണം നടത്തുമ്പോൾ ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് ഗുണഭോക്താവുമായി കരാർ വെക്കണം. എന്നാൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ (പ്രോജക്ട് നം. 156/21) വനിതകൾക്ക് പശുവിതരണം(സ്പിൽ ഓവർ,വിനിയോഗിച്ച തുക -4,67,500 രൂപ (പ്ലാൻ -ജനറൽ))പ്രകാരം ആനുകൂല്യം ലഭിച്ച (27,500രൂപ വീതം- ബിൽ നം. 6/20-21/21.04.20) പുഷ്പലത കളത്തിങ്ങൽ പൂത്രക്കോവ് പോരൂർ പി ഒ , കൃഷ്ണ ജ്യോതി കെ ആലുങ്ങൽ താലപ്പോലിപ്പറമ്പ് ചാത്തങ്ങോട്ടുപുറം പി ഒ എന്നീ ഗുണഭോക്താക്കൾക്കും പ്രോജക്ട് നം. 156/21 വനിതകൾക്ക് പശുവിതരണം ( വിനിയോഗിച്ച തുക 7,50,000 രൂപ പ്ലാൻ)പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ദേവകി മുത്താട്ട് ചാത്തങ്ങോട്ടുപുറം എന്ന ഗുണഭോക്താവിനും (30,000 രൂപ,ബിൽ നം. 21/20-21/20.03.21 )മേൽ ഉത്തരവ് പ്രകാരമുള്ള കരാർ വെക്കാതെയാണ് ഉരുക്കളെ നൽകിയത്. അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/20-21/27.06.2022)വാക്കാൽ നല്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുവരെയും ചെലവുതുക 85,000 രൂപ (27,500*2+30,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 171/21 |
| അടങ്കൽ തുക | 1,99,500/- രൂപ |
| വിനിയോഗിച്ച തുക | 1,90,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| | 4,760/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ / തീയതി | 01/2020-21 തീയതി.15.05.2020 - 90,000/- രൂപ |
| ചെക്ക് നമ്പർ / തീയതി | JN 2631607/02.12.2020 - 4,760/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണ വിതരണവും പരിശീലനവും എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 3 ഗ്രൂപ്പുകൾക്ക് താഴെ പറയുന്ന പ്രകാരം ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും 1,94,760/- രൂപയുടെ വാദ്യോപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | വാദ്യോപകരണം. | എണ്ണം. |
|---|---|---|
| 1 | ചെണ്ട – വലം പിരി | 6 |
| 2 | ചെണ്ട – ഇടം പിരി | 6 |
| 3 | ഇലത്താളം - 1.5 Kg. | 6 |
| 4 | ചെണ്ട കച്ച | 12 |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.2.15 പ്രകാരം, വാദ്യോപകരണങ്ങൾ വാങ്ങി നൽകുമ്പോൾ 5% ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. ഇത് പ്രകാരം 1,94,760/- രൂപയുടെ 5 ശതമാനമായ 9,738/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 4,760/- രൂപയാണ് (2.44%) ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. ഇത് കാരണം പ്ലാൻ ഫണ്ടിൽ നിന്നും 4,978/- രൂപ അനുവദനീയമായതിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 13/27.06.2022) 11,500/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും ആയത് തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ROP ആയി ട്രഷറിയിൽ അടവാക്കാൻ നിർദ്ദേശം നൽകണമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും അധികമായി അനുവദിച്ച 4,978/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയ തുകയിൽ നിന്നും പിൻവലിച്ച് ട്രഷറിയിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-25 പട്ടികജാതി വനിതകൾക്ക് വെള്ളടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 147/21 |
| അടങ്കൽ തുക | 2,40,000/- രൂപ |
| വിനിയോഗിച്ച തുക | 1,36,800/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| | 17,592/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ / തീയതി | 02/2020-21 തീയതി.15.05.2020 – 34,200/- രൂപ |
| | 03/2020-21 തീയതി.15.05.2020 – 34,200/- രൂപ |
| | 04/2020-21 തീയതി.15.05.2020 – 27,360/- രൂപ |
| | 12/2020-21 തീയതി.18.11.2020 – 41,040/- രൂപ |
| ചെക്ക് നമ്പർ / തീയതി | 5303819/08.01.2021 – 17,592/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വനിതകൾക്ക് വെള്ളടാങ്ക് വിതരണം എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്ന് 1,36,800/- രൂപയും ഗുണഭോക്തൃ വിഹിതം 17,592/- രൂപയും ചെലവഴിച്ച് താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം 56 വാട്ടർടാങ്കുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ / തീയതി | ടാങ്കുകളുടെ എണ്ണം. | തുക |
|---|---|---|---|
| 1 | KKD/19-20/283 Dt. 20.03.2020 | 20 | 48,860/- |
| 2 | KKD/19-20/284 Dt. 20.03.2020 | 20 | 48,860/- |
| 3 | KKD/19-20/285 Dt. 20.03.2020 | 16 | 39,088/- |
| ആകെ | | 56 | 1,36,808/- |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 6.6.5 പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. ഒരു ഗുണഭോക്താവിൽ നിന്നും 733/- രൂപ (30%) നിരക്കിൽ 62 ഗുണഭോക്താവിൽ നിന്നും 45,446/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ടാങ്കിന്റെ തുക പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. 30% ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുള്ളതിനാൽ ടാങ്കിന്റെ വിലയായ 1,36,808/- രൂപയുടെ 70 ശതമാനമായ 95,766/- രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്നും അനുവദിക്കേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്നും അധികം നൽകിയ 41,034/- രൂപ ബന്ധപ്പെട്ട ഹെഡിൽ അടവാക്കി അറിയിക്കേണ്ടതാണ്.

2). വാട്ടർ ടാങ്കുകളുടെ വിലയായ 1,36,808/- രൂപയിൽ 1,36,800/- രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും വീണ്ടും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 17,592/- രൂപ (ചെക്ക് നമ്പർ.5303819 തീയതി. 08.01.2021) അനുവദിക്കുക വഴി 17,584/- രൂപ ബിൽ തുകയിൽ നിന്നും അധികമായി സിഡ്കോക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക സിഡ്കോയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

3). ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ യഥാർത്ഥ ഗുണഭോക്താവിന് വാട്ടർ ടാങ്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4). 62 ഗുണഭോക്താക്കളിൽ നിന്നും 733/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും 56 ടാങ്കുകൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. ടാങ്ക് വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ലാത്തതിനാൽ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടും ടാങ്ക് ലഭിക്കാത്തവരുടെ വിവരവും ലഭ്യമല്ല. ഈ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 1,36,800/- രൂപ തടസ്സം ചെയ്യുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 21/28.06.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-26 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ Online Transaction

വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി Zero Balance Account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , പോരുർ ഗ്രാമപഞ്ചായത്ത് 2020-21 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി ഒ (എം എസ്) 3186/2017/LSGD/2-10-17 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ട് തുടങ്ങിയതിന്റേയും ആയതിൽ തുക ക്രഡിറ്റ് ചെയ്തതിന്റേയും വിശദാംശവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20/28-6-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വനിതകൾക്ക് വെള്ളടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 147/21 |
| അടങ്കൽ തുക | 2,40,000/- രൂപ |
| വിനിയോഗിച്ച തുക | 1,36,800/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| | 17,592/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ / തീയതി | 02/2020-21 തീയതി.15.05.2020 – 34,200/- രൂപ |
| | 03/2020-21 തീയതി.15.05.2020 – 34,200/- രൂപ |
| | 04/2020-21 തീയതി.15.05.2020 – 27,360/- രൂപ |
| | 12/2020-21 തീയതി.18.11.2020 – 41,040/- രൂപ |
| ചെക്ക് നമ്പർ / തീയതി | 5303819/08.01.2021 – 17,592/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വനിതകൾക്ക് വെള്ളടാങ്ക് വിതരണം എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്ന് 1,36,800/- രൂപയും ഗുണഭോക്തൃ വിഹിതം 17,592/- രൂപയും ചെലവഴിച്ച് താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം 56 വാട്ടർടാങ്കുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ / തീയതി | ടാങ്കുകളുടെ എണ്ണം. | തുക |
|---|---|---|---|
| 1 | KKD/19-20/283 Dt. 20.03.2020 | 20 | 48,860/- |
| 2 | KKD/19-20/284 Dt. 20.03.2020 | 20 | 48,860/- |
| 3 | KKD/19-20/285 Dt. 20.03.2020 | 16 | 39,088/- |
| ആകെ | | 56 | 1,36,808/- |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 6.6.5 പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. ഒരു ഗുണഭോക്താവിൽ നിന്നും 733/- രൂപ (30%) നിരക്കിൽ 62 ഗുണഭോക്താവിൽ നിന്നും 45,446/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ടാങ്കിന്റെ തുക പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. 30% ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുള്ളതിനാൽ ടാങ്കിന്റെ വിലയായ 1,36,808/- രൂപയുടെ 70 ശതമാനമായ 95,766/- രൂപ

മാത്രമാണ് വികസന ഫണ്ടിൽ നിന്നും അനുവദിക്കേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്നും അധികം നൽകിയ 41,034/- രൂപ ബന്ധപ്പെട്ട ഹെഡിൽ അടവാക്കി അറിയിക്കേണ്ടതാണ്.

2). 56 വാട്ടർ ടാങ്കുകളുടെ വിലയായ 1,36,808/- രൂപയാണ് സിഡ്കോക്ക് നൽകേണ്ടത്. എന്നാൽ 154392/-രൂപ സിഡ്കൊക്ക് നൽകിയിട്ടുണ്ട്. (പ്ലാൻ ഫണ്ട് -136800, ഗുണഭോക്തൃ വിഹിതം-17592 )17584/-രൂപ അധികം നൽകിയിട്ടുണ്ട്.

ക്രമ നമ്പർ 2 പ്രകാരം അധികം നൽകിയ തുകയായ 17,584/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 21/28.06.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2020-21 | 24.06.2022 മുതൽ 25.06.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 120000 | 83/21 ലൈഫ് ജനറൽ | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | 38/21 ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | ൨00000 | 0 |
| ജില്ലാ പഞ്ചായത്ത് | 550000 | 9/21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 16/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 273000 | 9/21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 273000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 297460 | 16/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 297460 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | 330/21 തരിശു കൃഷി ധനസഹായം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 38/21 ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 148/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 225000 | 59/21 ലൈഫ് ഭൂമി വാങ്ങൽ | 225000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക

ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | തൊടിയപ്പുലം കോളനി കുടിവെള്ള പദ്ധതി – ലൈൻ നീട്ടൽ 182/21 | 1/20-21 /20.04.2020 | 145366 | 0 | പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല | 145366 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | - | 2353510 | 11467647 | 1478862 | 0 | 12342295 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 9514/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 1-24 | 2967 | ശ്രീ.കുഞ്ഞിമുഹമ്മദ് (കോൺട്രാക്ടർ) | 120060100380 തി.15.06.2020 |
| 2018-19 | 1-26 | 3347 | ശ്രീ.കുഞ്ഞിമുഹമ്മദ് (കോൺട്രാക്ടർ) | 120060100381 തി.15.06.2020 |
| 2013-14 – 2014-15 | 2-2(4,5) | 700 | ശ്രീ.പ്രേമാനന്ദൻ.കെ ( സെക്രട്ടറി) | 120060100847 തി.05.08.2020 |
| 2007-08 | 3-12 | 1500 | ശ്രീ.സുരേഷ്.എം.ജി ( സീനിയർ ക്ലർക്ക്) | 120060101010 തി.07.01.2021 |
| 2010-11 | 3-3(1) | 1000 | ശ്രീ.വേണുഗോപാൽ (റിട്ട.സെക്രട്ടറി) | 120060102302 തി.24.02.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 2001-02 | 26 | 2004-05 | | മരാമത്ത് പണികൾ പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2000-01 2001-02 | 22 | 2004-05 | | അവസാന ബില്ല്, പദ്ധതി നിർവ്വഹണ രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(9) | 2006-07 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് – പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(34) | 2006-07 | | മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കിയില്ല. പദ്ധതി പണം പാഴായി. | നിലനിൽക്കുന്നു. |
| 2014-15 | 2(4) | 2014-15 | | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. | നിലനിൽക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.*

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1. | 2002-03 | 2-7 | ശ്രീ.നീലകണ്ഠൻ, ഹെഡ്ക്ലർക്ക്. | LF-11153/ Spl.cell /16411 /SC5/2006 Dt. 07.04.2009 | 5500 | 0 | -- | -- | -- | 0 | 5500 |

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.*

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾ പെട്ട തുക | ഈടാക്കിയ തുക | | |
| | | | ഇല്ല | | | | | ഇല്ല | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 116852844 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 95157568 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 17,584/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4,15,188/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 17,584/- | ശ്രീ.സുരേഷ്.എം.ജി, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 20,188/- | ശ്രീ.സുരേഷ്.എം.ജി, അസിസ്റ്റന്റ് സെക്രട്ടറി. |
| 1-22 | 1,73,200/- | ശ്രീ.സുരേഷ്.എം.ജി, അസിസ്റ്റന്റ് സെക്രട്ടറി. |
| 1-23 | 85,000/- | ഡോ. രവികുമാർ,വെറ്ററിനറി സർജൻ |
| 1-25 | 1,36,800/- | ശ്രീ.സുരേഷ്.എം.ജി, അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | 4,15,188/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശ്രീ.സുരേഷ്.എം.ജി, അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് കോർഡിനേറ്റർ, ജില്ലാ കുടുംബശ്രീ മിഷൻ, ആലപ്പുഴ. | ഞാണ്ട്രിക്കൽ മഠം, മണ്ണഞ്ചേരി.പി.ഒ, ആലപ്പുഴ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99<br>1999-00 | കെ.എസ്.എ.എം.പി.എം.6/392/04<br>തിയ്യതി:14.10.2019 | 20 |
| 2000-01<br>2001-02 | കെ.എസ്.എ.എം.പി.എം.6/811/04<br>തിയ്യതി: 14.10.2019 | 17 |
| 1999-00 | കെ.എസ്.എ.എം.പി.എം.6/1618/2016<br>തിയ്യതി: 14.10.2019 | 04 |
| 2001-02 | കെ.എസ്.എ.എം.പി.എം.6/1689/04<br>തിയ്യതി: 14.10.2019 | 07 |
| 2002-03 | കെ.എസ്.എ.എം.പി.എം.6/1837/04<br>തിയ്യതി: 14.10.2019 | 05 |
| 2003-04 | കെ.എസ്.എ.എം.പി.എം.6/1832/04<br>തിയ്യതി:14.10.2019 | 11 |
| 2004-05 | കെ.എസ്.എ.എം.പി.എം.6/1439/05<br>തിയ്യതി: 14.10.2019 | 27 |
| 2005-06 | കെ.എസ്.എ.എം.പി.എം.6/269/09<br>തിയ്യതി: 14.10.2019 | 09 |
| 2006-07 | കെ.എസ്.എ.എം.പി.എം.6/1653/09-<br>തിയ്യതി:14.10.2019 | 09 |
| 2007-08 | കെ.എസ്.എ.എം.പി.എം.6/848/2010<br>തിയ്യതി: 14.10.2019 | 14 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.6/2129/12<br>തിയ്യതി: 14.10.2019 | 16 |
| 2011-12 &<br>2012-13 | എൽ.എഫ്.എം.5/2225/14<br>തിയ്യതി: 05.12.2014 | 16 |
| 2013-14<br>&2014-15 | കെ.എസ്.എ.എം.പി.എം5/1623/16<br>തിയ്യതി: 25.07.2017 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം 5/3310/16<br>തിയ്യതി:15.03.2018 | 17 |
| 2016-17 | കെ.എസ്.എ.എം.പി.എം 5/1423/17<br>തിയ്യതി:19.07.18 | 15 |
| 2017-18 | കെ.എസ്.എ.എം.പി.എം 5/2626/18<br>തിയ്യതി:10.04.19 | 19 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2018-19 | കെ.എസ്.എ.എം.പി.എം 5/2854/19 തിയ്യതി:10.11.2021 | 06 |
| 2019-20 | കെ.എസ്.എ.എം.പി.എം 5/1048/22 തിയ്യതി:07.06.2022 | 24 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.6/2022

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്